പത്തു മണിക്കുശേഷം കാണാതാവുകയും പിന്നീട് 22-6-1999-ന് രാവിലെ ഒമ്പതു മണിക്ക് പടിഞ്ഞാറെ പറമ്പിൽ എന്നുപറയുന്ന സ്ഥലത്തുള്ള ഒരു കിണറ്റിൽ അദ്ദേഹത്തിന്റെ ജഡം കാണുകയും ജഡം പുറത്തെടുക്കുന്ന സന്ദർഭത്തിൽ ആ ജഡത്തിന് നാലു ദിവസത്തെ പഴക്കമുണ്ടെന്ന് കാണുകയും ചെയ്തു. ജാഫറിന്റെ മരണത്തിൽ ദുരൂഹത നിലനിൽക്കുകയാണ്. ആത്മഹത്യ ചെയ്യാൻ യാതൊരു സാഹചര്യവുമില്ലെന്ന് കുടുംബാംഗങ്ങൾ പറയുന്നു. അതുകൊണ്ട് സമഗ്രമായ അന്വേഷണം നടത്തി കുറ്റവാളികളുടെ പേരിൽ കർശന നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, കോഴിക്കോട് നൊച്ചോട് ജാഫറിനെ 1999 ജൂൺ 18-ാം തിയതി മുതൽ കാണാനില്ലെന്നു ജൂൺ 20-ാം തീയതിയിലെ പരാതിയിന്മേൽ പേരാംപ്ര പോലീസ് സ്റ്റേഷനിൽ ക്രൈം 146/99-ാം നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തു. അന്വേഷണത്തിൽ മുളിയങ്ങൽ കായെണ്ണ റോഡിന്റെ തെക്കുവശത്തുള്ള ഉപയോഗശൂന്യമായ കിണറ്റിൽ ജൂൺ 22-നു ജാഫറിന്റെ മൃതദേഹം കാണപ്പെട്ടു. രാസ പരിശോധനാ ഫലം ലഭിച്ചാൽ മാത്രമേ മരണ കാരണം വ്യക്തമാകൂ എന്ന് പോസ്റ്റുമോർട്ടം നടത്തിയ ഡോക്ടർ അഭിപ്രായപ്പെട്ടു. രാസ പരിശോധനാ റിപ്പോർട്ട് കൈപ്പറ്റി അന്വേഷണം ത്വരിതപ്പെടുത്താൻ ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(5) ആൾ കേരള ടൈപ്പിസ്റ്റ് ആന്റ് സ്റ്റെനോഗ്രാഫേഴ്സ് അസോസിയേഷന്റെ ആവശ്യങ്ങൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, ഹയർ ഗ്രേഡ് ഫെയർ കോപ്പി സൂപ്രണ്ടിന് ഓഫീസ് സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നിവരുടെ ശമ്പള സ്കെയിൽ അനുവദിക്കുക, ഫെയർ കോപ്പി സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് പാരിറ്റി നിലനിറുത്തുക സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റിനും അതിന്റെ തൊട്ടടുത്ത പോസ്റ്റായ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിനും ഒരേ അടിസ്ഥാന ശമ്പളം മാത്രം നിശ്ചയിച്ച സ്ഥിതി മാറ്റുക, അതുപോലെ സ്പെഷ്യൽ പേ, സ്പെഷ്യൽ അലവൻസായി മാറ്റിയതു കാരണം സി.എ. മാർക്ക് ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം പരിഹരിക്കുക സ്റ്റാഗ്നേഷൻ അവസാനിപ്പിക്കുക പാരിറ്റി നിലനിറുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ആൾ കേരള ടൈപ്പിസ്റ്റ് ആന്റ് സ്റ്റെനോഗ്രാഫേഴ്സ് അസോസിയേഷൻ അനിശ്ചിത കാലത്തേയ്ക്ക് സമരം നടത്തുകയാണ്. അവരെ വിളിച്ച് ചർച്ച ചെയ്ത് ഇക്കാര്യങ്ങൾക്ക് ഒരു പരിഹാരം കാണണമെന്ന് ധനകാര്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 5-ാം ശമ്പള പരിഷ്ക്കരണ കമ്മിറ്റി സംസ്ഥാന സർവ്വീസിൽ കോമൺ കാറ്റഗറിയിൽപ്പെടുന്ന ടൈപ്പിസ്റ്റ്, സ്റ്റെനോഗ്രാഫേഴ്സ് വിഭാഗങ്ങളുടെ വിവിധ ആവശ്യങ്ങൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചത് സർക്കാർ അംഗീകരിക്കുകയും സർക്കാർ തലത്തിൽ വിശദമായിട്ടുള്ള ചർച്ചകൾക്കും പരിശോധനകൾക്കും ശേഷം

LIBRARY ARCHIVES Kerala Legislative Assembly

ശമ്പള പരിഷ്ക്കരണ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. വിവിധ തസ്തികകൾ തമ്മിലുള്ള ബന്ധവും തസ്തികകളുടെ ജോലിയുടെ സ്വഭാവവും വിദ്യാഭ്യാസ യോഗ്യതയും പരിശോധിച്ചതിനുശേഷമാണ് ഉത്തരവ് പുറപ്പെടുവിച്ചത്. ശമ്പള പരിഷ്ക്കരണത്തിൽ വല്ല അപാകതകളും പറ്റിപ്പോയിട്ടുണ്ടെങ്കിൽ അപാകതകൾ പറഞ്ഞുകൊണ്ടുള്ള പരാതികൾ ലഭിച്ചിരുന്നു. ഈ അനോമലികൾ പരിശോധിക്കാൻ ചീഫ് സെക്രട്ടറി ചെയർമാനായ സമിതി രൂപീകരിക്കുകയുണ്ടായി. ആ സമയത്ത് ഇതെല്ലാം പരിശോധിക്കുകയും മെറിറ്റ്സിന്റെ അടിസ്ഥാനത്തിൽ ചിലത് നിരാകരിക്കുകയും ചിലത് സ്വീകരിക്കുകയും ചെയ്തു. വീണ്ടും എട്ട് ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ആൾ കേരള ടൈപ്പിസ്റ്റ്സ് ആന്റ് സ്റ്റെനോഗ്രാഫേഴ്സ് അസോസിയേഷൻ ഗവൺമെന്റിന് പണിമുടക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസിലെ ആവശ്യങ്ങൾ ഗവൺമെന്റിന് ഇനിയും വിശദമായ പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്.

(6) കുത്തകപ്പാട്ടഭൂമിക്ക് പട്ടയം നൽകണമെന്നുള്ള ആവശ്യം

ശ്രീ. മാമ്മൻ മത്തായി : സർ, കുത്തകപ്പാട്ടഭൂമി കൈവശം വച്ച് കൃഷിചെയ്ത് ആദായമെടുക്കാത്ത, ആ ഭൂമിയിൽ കെട്ടിടം വച്ച് ബിസിനസ്സ് നടത്തി ആദായമെടുക്കാത്ത വിഭാഗത്തിൽപ്പെടുന്ന കൂട്ടരാണ് അഞ്ചുസെന്റിനു താഴെ മാത്രം കുത്തകപ്പാട്ട ഭൂമി കൈവശംവച്ച് താമസിക്കുന്നവർ. 25 വർഷമായി അഞ്ചുസെന്റിൽ താഴെമാത്രം ഭൂമിയിൽ താമസിക്കുന്ന മറ്റു വസ്തുവോ വീടോ ഇല്ലാത്ത ആൾക്കാരെ കുത്തകപ്പാട്ട ചാർജ് വർദ്ധനവിൽ നിന്നും ഒഴിവാക്കി അവർക്ക് പട്ടയം കൊടുക്കുന്നതിനാവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കണം. അതിന് ബഹുമാനപ്പെട്ട മന്ത്രി ഉദ്യോഗസ്ഥന്മാരുടെ കോൺഫറൻസ് അടിയന്തിരമായി വിളിച്ച് കൂട്ടുന്നതിനു നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, ഭൂമി പതിവ് ചട്ടങ്ങൾ അനുസരിച്ച് വീട് വച്ചു താമസിക്കാൻ കുത്തകപാട്ടം കൊടുക്കാൻ നിലവിൽ വ്യവസ്ഥയില്ല. വീട് വച്ച് താമസിക്കുന്നതിന് കുത്തക പാട്ട വ്യവസ്ഥയിൽ ഭൂമി കൊടുക്കുന്ന ഏർപ്പാടില്ല. എന്നാൽ മറ്റാവശ്യങ്ങൾക്ക് കൊടുത്ത ഭൂമിയിൽ വീട് വച്ചു താമസിക്കുന്നത് പ്രത്യേക കേസ്സാണ്. ഇത്തരം പ്രശ്നങ്ങൾ എവിടെയൊക്കെയാണ് ഉള്ളതെന്ന് പരിശോധിക്കാം. ആ കാര്യത്തിൽ അഞ്ചു സെന്റിനു താഴെ മാത്രം ഭൂമിയുള്ളതിൽ വീട് വച്ച് താമസിക്കുന്നത് ഏതു വ്യവസ്ഥയിൽ ആണെങ്കിലും അവരെ സംരക്ഷിക്കാൻ എന്തുചെയ്യാൻ കഴിയുമെന്ന് പരമാവധി നോക്കും, പരിഹാരമുണ്ടാക്കാൻ ശ്രമിക്കും.

(7) സാദ്ധ്യായ ദിവസങ്ങളെക്കുറിച്ചുള്ള യു.ജി.സി. നിബന്ധന

ശ്രീ. കെ. എം. മാണി. : സർ, കോളേജുകളിലെ ടീച്ചിംഗ് സമയത്തെ സംബന്ധിച്ചും അദ്ധ്യാപകർ കോളേജിലുണ്ടായിരിക്കേണ്ട സമയത്തെ സംബന്ധിച്ചും വന്നുചേർന്നിരിക്കുന്ന ആശയ കുഴപ്പങ്ങളും വൈരുദ്ധ്യങ്ങളും നീക്കുവാൻ സർക്കാർ ഇതുവരെ മുന്നോട്ടുവരാത്തത് ഖേദകരമാണ്. ആഴ്ചയിൽ

LIBRARY ARCHIVES Kerala Legislative Assembly